(സി) നിലവിലുള്ള ആലപ്പുഴ, തേവര യാർഡുകളിൽ ഇലക്ട്രിക്കൽ വിഞ്ച് ഘടിപ്പിച്ച് പൂർണ്ണമായും യന്ത്രവൽകൃതമായി ബോട്ടുകൾ ഡോക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കി അടിയന്തര റിപ്പയർ ദൃതഗതിയിൽ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ആലപ്പുഴയിലെ പോഞ്ഞിക്കരയിലുള്ള ഒരേക്കർ നാൽപ്പത് സെന്റ് സ്ഥലത്ത് നാല് ബോട്ടുകൾ ഒരേ സമയത്ത് ഡോക്ക് ചെയ്യാവുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ലിപ്വേയുടെയും ഡ്രൈഡോക്കിന്റെയും പയ്യന്നൂർ സ്ലിപ്വേയുടെയും പണി അവസാന ഘട്ടത്തിലുമാണ്. 'ടി പ്രവർത്തനങ്ങൾ പൂർത്തിയാകുകയും കൂടാതെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിൽ 20 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടക്കുകയും ചെയ്യുമ്പോൾ വകുപ്പിലെ ബോട്ടുകളുടെ റിപ്പയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കും.

[നക്ഷത്രചിഹ്നമിടാത്ത 7557, 7576, 7594, 7595, 7635, 7636, 7644, 7646, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II തിരുത്തിയ ഉത്തരം

19-6-2014-ലെ നക്ഷത്രചിഹ്നമിടാത്ത 2755-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 19-6-2014-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2755-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 19-6-2014-ലെ നക്ഷത്രചിഹ്നമിടാത്ത 2755-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

III അടിയന്തരപ്രമേയം

ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം

മി. സ്പീക്കർ : സംസ്ഥാനത്തെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടും പുതുക്കിയതുൾപ്പെടെയുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കാത്തതിനാലും സർക്കാർ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികളെ അൺഎയ്ഡഡ് മേഖലയുടെ ചൂഷണത്തിന് വിട്ടുകൊടുത്തിരിക്കുന്നതിനാലും ഹയർ സെക്കന്ററി വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും ആശങ്ക ഉണ്ടാക്കിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. കെ. വിജയൻ, ആർ. രാജേഷ്, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly